## പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2240 13.02.2013 ൽ മറുപടിയ്ക്ക്

## നടക്കാതെപോയ ജലവൈദ്യുതപദ്ധതി നിർദ്ദേശങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ.എം.ചന്ദ്രൻ<br>ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ.ബി.ഡി.ദേവസ്സി | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനം വിഭാവനം ചെയ്തിരുന്ന ഏതെല്ലാം ജലവൈദ്യുതപദ്ധതി നിർദ്ദേശങ്ങളാണ് വനം- പരിസ്ഥിതി മന്ത്രാലയത്തിന്റെ എതിർപ്പിനെ ത്തുടർന്ന് നടക്കാതെപോയിട്ടുള്ളതെന്ന വിശദമാക്കുമോ; | (എ) താഴെ പറയുന്ന ജലവൈദ്യുത പദ്ധതി നിർദ്ദേശങ്ങളാണ് വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ എതിർപ്പിനെ തുടർന്ന് നടക്കാതെ പോയിട്ടുള്ളത്.<br>(i) സൈലന്റ് വാലി ജലവൈദ്യുത പദ്ധതി (240 MW)<br>(ii) പൂയംകുട്ടി ജലവൈദ്യുത പദ്ധതി (750 MW)<br>(iii) കാരാപ്പാറ-കുരിയാർകുട്ടി വിവിധോദ്ദേശ പദ്ധതി (84 MW)<br>(iv) പാത്രക്കടവ് ജലവൈദ്യുത പദ്ധതി (70 MW)<br>(v) അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി (163 MW) |
| (ബി) കേരളത്തിൽ ഉപേക്ഷിക്കുകയോ, നടപ്പാക്കാൻ കഴിയാതെപോയതോ ആയ ഏതെങ്കിലും പദ്ധതി സംബന്ധിച്ച് ഇപ്പോഴത്തെ | (ബി) ഉണ്ട്. |

| | |
|---|---|
| വൈദ്യുതിപ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ പുന:പരിശോധന നടത്താൻ സർക്കാർ ആലോചിക്കുന്നുണ്ടോ; | |
| (സി) എത്ര മെഗാവാട്ട് വൈദ്യുതിയുടെ കുറവാണ് ഇപ്പോൾ സംസ്ഥാനം നേരിടുന്നത്; | (സി) 2013 ഫെബ്രുവരി മാസത്തെ കണക്കുപ്രകാരം പീക്ക് സമയത്തെ ഏകദേശം 400 മെഗാവാട്ടിന്റെ കുറവാണ് വൈദ്യുതിയുടെ ലഭ്യതയും ആവശ്യകതയും തമ്മിൽ അനുഭവപ്പെടുന്നത്. എന്നാൽ 2013 മാർച്ച് മാസത്തിൽ വൈദ്യുതിയുടെ ലഭ്യതയും ആവശ്യകതയും തമ്മിലുള്ള അന്തരം 950 മെഗാവാട്ട് വരെ എത്തുമെന്നാണ് കണക്കാക്കപ്പെടുന്നത്. |
| (ഡി) വിഭാവനം ചെയ്തതിനുശേഷം ഉപേക്ഷിക്കപ്പെട്ട ജലവൈദ്യുത പദ്ധതി നിർദ്ദേശങ്ങൾ എത്ര മെഗാവാട്ടിന്റേതായിരുന്നു? | (ഡി) ആകെ 1307 മെഗാവാട്ട് |

**സെക്ഷൻ ഓഫീസർ**